# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 503
18 August 2017
www.thoolikaa.net



## സ്നേഹം വിതയ്ക്കും കൂട്ടായ്മകൾ

“നമുക്കുചുറ്റും സാക്ഷികളുടെ വലിയ സമൂഹമുള്ളതിനാൽ,
നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്കു നീക്കിക്കളയാം.”

ഹെബ്രാ. 12:1

ലക്കം 503
2017 ആഗസ്റ്റ് 18

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| അനുഭവം | 07 |
| യൂകാറ്റ് കോർണർ | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | ബിബിൽ 055 1426271, 056 6196525<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | ഗ്രിജിൻ 052 4104408<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | സന്തോഷ് 055 6969885<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | തോമസ് ജോസ് 055 9171438<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | ജോസ്മോൻ 055 3620434<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഷിബു 0559169623, 0544406002<br>ബുധൻ 8:15 pm 9:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102<br>ഞായർ 8:30 pm 9:45 pm |
| സത്വ | തോമസ് 050 8761385<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | ബിനീഷ് 055 7484850<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044<br>വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

"ദൈവം പറയുന്നു: ഒരുവനുമറ്റൊരാളെ ആവശ്യമുണ്ടായിരിക്കണമെന്നും എന്നിൽനിന്നു സ്വീകരിച്ച കൃപകളും ദാനങ്ങളും വിതരണം ചെയ്യുന്നതിൽ എല്ലാവരും എന്റെ ശുശ്രൂഷകരായിരിക്കണമെന്നുമാണ് എന്റെ നിശ്ചയം."

സിയെന്നായിലെ വിശുദ്ധ കാതറൈൻ (1347-1380)

# കാറ്റ് അതിനിഷ്ടമുള്ളിടത്തേയ്ക്ക് വീശുന്നു

എൽദാദ്, മെദാദ് എന്ന രണ്ടു പേരുകൾ നമുക്ക് അത്ര സുപരിചിതമായിരിക്കണമെന്നില്ല. എങ്കിലും ഈ രണ്ടു വ്യക്തികളിലൂടെ ഒരു കൂട്ടായ്മയിൽ എങ്ങനെ നമ്മൾ മുന്നോട്ട് പോകണമെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇസ്രായേൽ ജനത്തിന്റെ ഈജിപ്തിൽ നിന്നും കാനാൻദേശത്തിലേയ്ക്ക് ഉള്ള യാത്രയ്ക്കിടയിലാണ് ഈ രംഗം. മോശ എഴുപത് നേതാക്കൻമാരെ തിരഞ്ഞെടുക്കുന്നു. കർത്താവ് മോശയുടെമേലുണ്ടായിരുന്ന ചൈതന്യത്തിന്റെ ഒരു ഭാഗം ഈ എഴുപതു നേതാക്കൻമാരിലേയ്ക്കും പകരുന്നു. അപ്പോൾ അവർ പ്രവചിക്കാൻ തുടങ്ങി. അവർ അങ്ങനെ പ്രവചിച്ച് കർത്താവിന്റെ സ്വന്തം ആൾക്കാരായി വിലസിനടക്കുമ്പോഴാണ് ഒരു വാർത്ത അറിയുന്നത്. അതാ, കൂടാരത്തിന് പുറത്ത് തിരഞ്ഞെടുക്കപ്പെടാത്ത രണ്ട് 'വരത്തൻമാർ' ഇരുന്ന് പ്രവചിക്കുന്നു. അവരുടെ പേരായിരുന്നു എൽദാദും, മെദാദും. ഇത് കണ്ട് നൂനിന്റെ മകനും മോശയുടെ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരിൽ ഒരുവനുമായ ജോഷ്വാ പറഞ്ഞു "പ്രഭോ, അവരെ വിലക്കുക". മോശ ജോഷ്വായോടു പറഞ്ഞു, " എന്നെപ്രതി നീ അസൂയപ്പെടുന്നുവോ? കർത്താവിന്റെ ജനം മുഴുവൻ പ്രവാചകൻമാരാവുകയും അവിടുന്ന് തന്റെ ആത്മാവിനെ അവർക്ക് നൽകുകയും ചെയ്തിരുന്നുവെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു"(സംഖ്യ 11:28-30)

നമ്മുടെയൊക്കെ എല്ലാ കൂട്ടായ്മകൾക്കും മാതൃകയാക്കാവുന്ന ഒരു മനോഭാവമാണ് ഇവിടെ കാണിച്ചിരിക്കുന്നത്. എല്ലാവരെയും അംഗീകരിക്കുക, ചേർത്തുപിടിക്കുക. അങ്ങനെയുള്ള ഒരു കൂട്ടായ്മയിൽ വളരുന്നവരെ ദൈവത്തിന് എളുപ്പത്തിൽ തന്റെ പദ്ധതിക്കായ് എടുത്തുപയോഗിക്കാൻ കഴിയും. മനശാസ്ത്രജ്ഞൻമാർ പറയുന്നത് നിങ്ങൾ ആദ്യം നിങ്ങളുടെ മക്കളുടെ സുഹൃദ്സംഘത്തെ ഞങ്ങൾക്കു കാണിച്ചു തരൂ, നിങ്ങളുടെ മക്കൾ ആരായിത്തീരുമെന്ന് അപ്പോൾ പറഞ്ഞുതരാം എന്നാണ്.

പ്രിയപ്പെട്ടവരേ, ഒറ്റയാൻമാരെ എന്നും ഭയത്തോടെയും സന്തോഷമില്ലാതെയുമാണ് നമ്മൾ ഓർക്കാറുള്ളത്. ഒരു സമൂഹത്തിന്റെ ഭാഗമായിരിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ചില തിരുത്തലുകൾ ഉണ്ട്, കരുതലുകൾ ഉണ്ട്. ഒരു പക്ഷെ സ്വന്തം മാതാപിതാക്കളോടുപോലും പങ്കുവയ്ക്കാൻ പറ്റാത്ത ചിലകാര്യങ്ങൾ ഉത്തമസുഹൃത്തുക്കളോട് പറയാൻ സാധിക്കുന്നു. ജീസസ്‌യൂത്തിന്റെ ആറ് ജീവിതശൈലികളിൽ ഒന്നായ 'കൂട്ടായ്മജീവിതം' ലക്ഷ്യം വയ്ക്കുന്നതും ഇതൊക്കെത്തന്നെയാണ്. ഒറ്റയാനായ് നടന്ന് പിശാചിന്റെ വാരിക്കുഴിയിൽപോയി വീഴാതിരിക്കൂ. ഈശോയുടെ ആ സ്വന്തം സുഹൃദ്സംഘത്തിലേയ്ക്ക് നിങ്ങളേവരെയും സ്വാഗതം ചെയ്യുന്നു.

സ്നേഹത്തോടെ..

മാത്യു ജോപ്പൻ

# സ്നേഹം വിതയ്ക്കും കൂട്ടായ്മകൾ

ഐസിയുവിൽ കിടക്കുന്ന ഒരു രോഗി, ഓക്സിജനു വേണ്ടി ദാഹിക്കുന്നതു പോലെ പലരും ജീസസ്‌യൂത്തിന്റെ സോണൽ ഗ്രൂപ്പു കളിലേയ്ക്കും, ഫ്രൈഡേ ഗ്രൂപ്പിലേയ്ക്കും, ആർത്തിയോടെ ഓടിവരാറുണ്ട്. പ്രാർത്ഥന യുടെ അവസാനം കളഞ്ഞുപോയ എന്തോ തിരിച്ചുകിട്ടി എന്ന സന്തോഷത്തോടെ മട ങ്ങും. മുഖം കടുപ്പിച്ച്, മസ്സിലുപിടിച്ച് നിൽക്കുന്ന പല യൂത്തന്മാരും സെന്റ്.മേരീസ് ചർച്ചിലെ റൂം നമ്പർ 6-ൽ കളിച്ചു ചിരിച്ച് പാട്ടിനൊപ്പം ആടിത്തിമിർക്കുന്നതും അവ രുടെ മുഖത്ത് സന്തോഷം അലയടിക്കു ന്നതും കണ്ടിട്ടുണ്ട്. അതുവരെ കണ്ട മസ്സിലു പിടുത്തമൊന്നുമില്ലാതെ തന്നെ. ഭാരങ്ങളും വേദനകളും പേറി വരുന്നവർ സന്തോഷ ത്തോടെ തിരിച്ചുപോകുവാൻ, അവരുടെ ദാഹം മാറ്റുന്ന, വലിയ ആശ്വാസം കൊടു ക്കുന്ന എന്തെങ്കിലും 'മാജിക്' നടക്കു ന്നുണ്ടോ? ഉണ്ട്, തമ്പുരാന്റെ ജീവനുള്ള വചനങ്ങളുടെ മാജിക്.

"നമുക്ക് ചുറ്റും സാക്ഷികളുടെ വലിയ സമൂഹമുള്ളതിനാൽ നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്ക് നീക്കിക്കളയാം." (ഹെബ്രാ 12:1) ലോകം വലുതെന്നു പറയുന്ന എന്റെ പ്രശ്നങ്ങളെ ഇതൊന്നും ഒന്നുമല്ലെടാ എന്നു പറഞ്ഞ് ആശ്വസിപ്പിക്കുകയും ധൈര്യ പ്പെടുത്തുകയും എന്തു സഹായത്തിനും കൂടെ നിൽക്കുകയും ചെയ്യുന്ന ഒരു പറ്റം സുഹൃത്തുക്കൾ. എന്റെ പ്രശ്നങ്ങൾ ഒന്നും സാരമുള്ളതല്ല എന്ന് ആധികാരികമായി പറ യാൻ അനുഭവവും വിശ്വാസവും ഉള്ളവരാണ് ഈ സുഹൃത്തുക്കൾ.

ഈ ലോകത്ത് ഇന്ന് അപ്രത്യക്ഷമാ യ്ക്കൊണ്ടിരിക്കുന്ന ഒന്നാണ് നിന്നെ കേൾക്കാൻ തയ്യാറുള്ള രണ്ട് കാതുകൾ. ആർക്കും നിന്റെ പ്രശ്നങ്ങൾ കേൾക്കാൻ സമയമില്ല. തിരക്കാണെല്ലാവർക്കും. എന്തൊ ക്കെയോ നേടിയെടുക്കാനുള്ള തിരക്ക്. 'സ്വന്തം കാര്യം സിന്ദാബാദ്'എന്ന് പറഞ്ഞ് കൊണ്ടാണ് ഈ ഓട്ടം. ഈ ഓട്ടത്തിനിടയിൽ വേദനിക്കുന്നവരെ കാണാനോ, രോഗികളെ ആശ്വസിപ്പിക്കുവാനോ, ആർക്കും സമയമില്ല. ഇവിടെയാണ് ഒരു ജീസസ്‌യൂത്ത് വ്യത്യ സ്തനാകുന്നത്. വേദനിക്കുന്നവനെ കണ്ടാൽ, മുറിവേറ്റവനെ കണ്ടാൽ, കണ്ടിട്ടും കാണാതെ പോകാൻ അവനു പറ്റില്ല. തിരക്കു കളുള്ള ലേവായനും പുരോഹിതനും സ്കൂട്ടായതുപോലെ ഒരു ജീസസ്‌യൂത്തിന് പോകാൻ കഴിയില്ല. കാരണം നമ്മളെല്ലാം യേശുവിന്റെ സ്നേഹം അനുഭവിച്ചവരാണ്. നമുക്ക് മുറിവേറ്റപ്പോൾ വച്ചുകെട്ടാനും, കൂടെ നില്ക്കാനും ദൈവം ഒരുക്കിയ കൂട്ടാ യ്മയുടെ സ്നേഹം അനുഭവിച്ചവരാണ് നാമോരോരുത്തരും.

നമ്മുടെ കൂട്ടായ്മയുടെ ഏറ്റവും വലിയ പ്രത്യേകതയാണ് മദ്ധ്യസ്ഥപ്രാർത്ഥന. എന്റെ വ്യക്തിപരമായ ജീവിതത്തിന്റെ സങ്കടങ്ങളു ടേയും വേദനകളുടേയും മേൽ ഈശോ യുടെ ഇടപെടൽ ഉണ്ടാകുന്നതിനുവേണ്ടി നിസ്വാർത്ഥമായി, പരിത്യാഗങ്ങളോടെ കണ്ണീർവാർത്തു പ്രാർത്ഥിക്കുന്നവർ. വേദന കൾ, സന്തോഷത്തിന്റേയും സൗഖ്യത്തി ന്റേയും സാക്ഷ്യമാകുമ്പോൾ നിറഞ്ഞ സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കു ന്നവർ. ലോകത്ത് വേറെയൊരു കൂട്ടായ്മ യിൽ നിന്നും കിട്ടാത്ത ഈ പ്രാർത്ഥന

തന്നെയാണ് ഈ കൂട്ടായ്മയുടെ ശക്തി. കാരണം നമ്മുടെ കൂട്ടായ്മയുടെ മൂലക്കല്ല് ക്രിസ്തുവാണ്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുമ്പോൾ അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും എന്ന വചനമനുസരിച്ച് നമ്മുടെ പ്രാർത്ഥന നിറഞ്ഞ കൂട്ടായ്മകളുടെ നടുവിൽ അവനുണ്ട്.

ഓരോ വ്യക്തികൾക്കും ദൈവം പ്രദാനം ചെയ്തിരിക്കുന്ന താലന്തുകൾ വ്യത്യസ്തമാണ്. നമ്മുടെ താലന്തുകളെ കണ്ടെത്തി അതിനെ വളർത്തുവാൻ കഴിയുന്ന വലി



യൊരു വേദിയാണ് നമ്മുടെ കൂട്ടായ്മകൾ. തനിക്ക് ഇങ്ങനെയൊരു കഴിവുണ്ടായിരുന്നുവെന്ന് ഇപ്പോഴാണ് തിരിച്ചറിയുന്നതെന്ന് പലരും പറയുന്നത് നമ്മൾ കേട്ടിട്ടുണ്ട്. കാരണം അവരുടെ കഴിവുകളെ കണ്ടെത്തിയതും വളർത്തിയതും കൂട്ടായ്മയിലെ മറ്റുള്ളവരാണ്. "ഓരോരുത്തനും തനിക്ക് കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ." (1പത്രോസ് 4:10) പലരും തങ്ങളുടെ കാരിസം കണ്ടെത്തിയതും അതിനെ വളർത്തിയതും

ഈ കൂട്ടായ്മകൾ വഴിയാണ്. കഴിവുകൾ കണ്ടെത്തുന്നതോടൊപ്പം കുറവുകളുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെന്ന് സാധിക്കുന്ന രീതിയിലൊക്കെ അവരെ സഹായിക്കുകയെന്നത് എന്റെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവ് നമുക്ക് പകർന്നത് കൂട്ടായ്മയാണ്. പങ്കുവയ്ക്കലിലൂടെ അനുഭവിക്കുന്ന സ്നേഹവും സന്തോഷവും നുകർന്നതും കൂട്ടായ്മകളിലാണ്. "പ്രിയപ്പെട്ടവരേ, നമുക്ക് പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്." (1 യോഹ 4:7) ദൈവത്തിന്റെ സ്നേഹം പലരീതിയിൽ അനുഭവിക്കുന്നവരാണ് നാം. ഈ ലോകത്തിന്റെ ഒരു ലഹരിക്കും തരാൻ പറ്റാത്ത സന്തോഷം നമുക്ക് കൂട്ടായ്മയിൽ നിന്നും കിട്ടും. കാരണം നമ്മുടെ ലഹരി പരിശുദ്ധാത്മാവാണ്. അവിടുത്തെ സ്നേഹമാണ്. ഒരുമിച്ച് പ്രാർത്ഥിക്കുവാനും, പഠിക്കുവാനും, വളരുവാനുമൊക്കെയായി ദൈവം വിളിച്ചിരിക്കുന്ന ജീസസ്‌യൂത്തായ നമുക്കോരോരുത്തർക്കും ഈ കൂട്ടായ്മയുടെ വിലയറിഞ്ഞ് ജീവിക്കാം. ക്രിസ്തു നേതാവായിട്ടുള്ള സ്നേഹകൂട്ടായ്മയ്ക്ക് ഒരായിരം 'ജയ്' വിളിക്കാം.

# വിഭ്രാന്തിയിൽ നിന്നും വിശുദ്ധിയിലേക്ക്..

# വി. ജോൺ ഓഫ് ഗോഡ്



ബ്രദേഴ്സ് ഹോസ്പിറ്റാലർ സന്ന്യാസ സഭയുടെ സ്ഥാപകനും ആശുപത്രികളുടെയും രോഗികളുടെയും നഴ്സുമാരുടെയും പുസ്തകവില്പനക്കാരുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥനുമാണ് വി. ജോൺ ഓഫ് ഗോഡ്.

പോർച്ചുഗലിലെ മോന്റേമോർ നോവയച്ചിൽ 1495 മാർച്ച് 8ന് ജോൺ ജനിച്ചു. കുട്ടിക്കാലത്തു തന്നെ സ്പെയിനിലേയ്ക്ക് കുടിയേറി. ജോൺ അവിടെ കന്നുകാലികളെ മേയിച്ചാണു ജീവിച്ചത്. പ്രായപൂർത്തിയായപ്പോൾ സൈന്യത്തിൽ ചേർന്നു. പട്ടാളക്കാരന്റെ എല്ലാ ദുർസ്വഭാവങ്ങളിലൂടെയും സഞ്ചരിച്ച അദ്ദേഹം നാൽപതാം വയസ്സിൽ സൈന്യസേവനം അവസാനിപ്പിച്ച് വീണ്ടും കാലിവളർത്തലിലേക്കു മടങ്ങി.

ഇക്കാലത്ത് ജോണിൽ വിശ്വാസം വീണ്ടും സജീവമായി. പട്ടാളജീവിതത്തെക്കുറിച്ചോർത്ത് വല്ലാത്ത മനഃസ്താപം തോന്നി. പരിഹാരമായി ആഫ്രിക്കയിൽ മിഷനറി പ്രവർത്തനത്തിനുപോകാൻ തീരുമാനിച്ചു. രക്തസാക്ഷിയാകുവാൻ ഉറച്ചായിരുന്നു ആ യാത്ര, എന്നാൽ കുമ്പസാരക്കാരൻ സമ്മതിച്ചില്ല. ദൈവത്തിനു ജോണിനെക്കൊണ്ട് വേറെ ലക്ഷ്യങ്ങളുണ്ടെന്ന് അദ്ദേഹം തീർത്തു പറഞ്ഞു. അങ്ങനെ സ്പെയിനിലേക്കുതന്നെ മടങ്ങി.

1538 ൽ ഗ്രനാഡയിൽ മതപരമായ പുസ്തകങ്ങൾ മിതമായ വിലയ്ക്കു നല്കുന്നതിനുള്ള ഒരു കട തുടങ്ങി. ആവിലായിലെ വി.ജോണിന്റെ പ്രസംഗം അദ്ദേഹം കേൾക്കാനിടയായത് ഇക്കാലത്താണ്. അതുണ്ടാക്കിയ മനഃസ്താപം അദ്ദേഹത്തെ മാനസികരോഗാശുപത്രിയിൽ എത്തിച്ചു. വി.ജോണിന്റെ ഉപദേശങ്ങളിലൂടെ തന്നെ അദ്ദേഹത്തിന്റെ നില മെച്ചമായി. തുടർന്ന് രോഗികളുടെ ശുശ്രൂഷയ്ക്കായി വിശുദ്ധൻ ജീവിതം സമർപ്പിച്ചു.

ഗ്രനാഡയിൽ ഒരു വീടു വാടകയ്ക്കെടുത്ത് ആരോരുമില്ലാത്ത രോഗികളെ പരിചരിച്ചു തുടങ്ങി. പലർക്കും ഈ പ്രവർത്തി മാതൃകയായി. ഗ്രനാഡയിൽ ആർച്ച് ബിഷപ് ജോണിനെ ശക്തമായി പിന്താങ്ങുകയും ഇത്തരം ഭവനങ്ങൾ ഇതരഭാഗങ്ങളിലും തുറക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

തുടരും പേജ് 8...

# സ്നേഹത്തിന്റെ ചൂട്

ഈ കഴിഞ്ഞ റമദാൻ പെരുന്നാളിന്റെ രണ്ടാമത്തെ അവധി ദിവസം, ദേവാലയത്തിൽ പോയി ദിവ്യബലിയിലും തുടർന്ന് മാതാവിന്റെ ഗ്രോട്ടോയുടെ മുമ്പിൽ ഒരു ജപമാലയും സമർഷിക്കണമെന്ന് തീരുമാനമെടുത്തു. ഒന്നാമത്തെ അവധി ദിവസം സോനാപൂരിൽ ദൈവം ഒരുക്കിയ 'തിരിച്ചുവരവ്' പ്രോഗ്രാമിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്കും പ്രോഗ്രാമിന്റെ വിജയത്തിനും കൃതഞ്ജ്ജതാബലി അർഷിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. രാവിലെ തന്നെ ദേവാലയത്തിൽ എത്തിച്ചേർന്നു. വൈകീട്ട് 6.30 നാണ് മാതാവിന്റെ ഗ്രോട്ടോയുടെ മുമ്പിൽ ജപമാല അർഷിക്കുവാൻ സമയം തിരഞ്ഞെടുത്തത്. രാവിലെ ഒരു ദിവ്യബലിയിലും, ആരാധനാ ചാഷലിലും, പള്ളിയുടെ പരിസരത്തുമായി സമയം ചിലവഴിച്ചു. പുറത്തിറങ്ങുമ്പോൾ ആളിക്കത്തുന്ന സൂര്യതാപം എല്ലാവരെയും ഒരുപോലെ വേവിച്ചുകൊണ്ടിരിക്കുന്നു. ഓരോരുത്തരും ദേവാലയത്തിൽ കടന്നുവരുന്നത് വ്യത്യസ്ത രീതിയിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ്- ഈ ചുട്ടുപഴുഷിക്കുന്ന ചൂടിൽ നിന്ന് ഒരൽഷം ശമനം ലഭിക്കാൻ. അവധി ദിവസത്തെ ചൂട് മറ്റ് സാധാരണ ദിവസത്തെ ചൂടിനെക്കാൾ കൂടുതലുള്ളതായി പലഷോഴും തോന്നിയിട്ടുണ്ട്.

സമയം 6.30 നോട് അടുത്തു. ഞാൻ പതിയെ ഗ്രോട്ടോയുടെ അടുത്തേക്ക് പോകുമ്പോൾ ഈ ജപമാല മുഴുവൻ മുട്ടിൻമേൽ നിന്ന് കൈകൾ വിരിച്ചു പിടിച്ച് ചൊല്ലണമെന്ന് മനസ്സിലുറഷിച്ചു. ഒത്തിരിയേറെ വ്യക്തികൾ മാതാവിന്റെ മുമ്പിൽ പ്രാർത്ഥിച്ച് കടന്നുപൊയ്ക്കൊണ്ടേയിരുന്നു. ഞാനും ചെന്ന് മാതാവിന്റെ മുമ്പിൽ മുട്ടുകൾ മടക്കി ജപമാല പ്രാർത്ഥന ആരംഭിച്ചു. രണ്ടാമത്തെ രഹസ്യം ആയഷോഴേക്കും എന്റെ കാൽമുട്ടുകൾ പൊള്ളുവാൻ തുടങ്ങി. വേറൊന്നുമല്ല ദേവാലയത്തിന്റെ മുറ്റത്ത് വിരിച്ചിരിക്കുന്ന ഇഷ്ടികകൾ പകലിലെ ചൂട് മുഴുവൻ ആവാഹിച്ചു വച്ചിരിക്കുന്നു. രണ്ടാമത്തെ രഹസ്യത്തിന്റെ പ്രാർത്ഥന കഴിയുന്നതു വരെ മുട്ടിൻമേൽ നിന്നു. അതിനുശേഷം ഞാൻ എഴുന്നേറ്റു നിന്നു. ബാക്കിയുള്ള സമയം രഹസ്യ വിചിന്തന പ്രാർത്ഥനക്ക് നിന്നുകൊണ്ടും നൻമനിറഞ്ഞ പ്രാർത്ഥനകൾക്ക് മുട്ടിൻമേൽ നിന്നും ജപമാല പൂർത്തിയാക്കി. അതിനുശേഷം ദിവ്യബലിയിലും പങ്കെടുത്തു.

പിന്നീട് ഞാൻ ചിന്തിച്ചു.. ദൈവമേ എന്തുകൊണ്ട് ഒരല്പസമയത്തെ ചൂട് സഹിച്ച് പ്രാർത്ഥിക്കാൻ കഴിയാതെ പോയി. എന്റെ വിശ്വാസം എവിടെ നിൽക്കുന്നു. വെറും ഒരു ഇഷ്ടികയുടെ മുമ്പിൽ എന്തുകൊണ്ട് എനിക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. ഒരു നിർജ്ജീവ വസ്തുവിനുപോലും എന്റെ വിശ്വാസത്തിന്റെ മാറ്റ് ഉരച്ചുനോക്കാൻ സാധിക്കുന്നല്ലോ ദൈവമേ!!.. എന്റെ ചിന്ത വി.പത്രോസിലേക്കും മറ്റ് ശിഷ്യന്മാരിലേക്കും പോയി.. യേശുവിനെ ബന്ധിച്ചുകൊണ്ട് പോയ രാത്രി എങ്ങിനെ ശിഷ്യന്മാർക്ക് ഭയന്നോടാൻ തോന്നി, എങ്ങിനെ പത്രോസിന് ഗുരുവിനെ നിഷേധിക്കാൻ തോന്നി, എന്നാൽ ഒരു ശിഷ്യൻ മാത്രം അവനെ അനുഗമിച്ചതായി കാണുന്നു. തന്റെ ഗുരുവിന്റെ മരണം, പീഡാസഹന യാത്ര ഇവിടെയെല്ലാം അവൻ യേശുവിനെ അനുഗമിച്ചു.

തുടരും പേജ് 9...

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**332. ക്രൈസ്തവരുടെ ഐക്യദാർഢ്യം മറ്റുജനതകളോടൊത്ത് എങ്ങനെ പ്രകടിപ്പിക്കാനാവും?**

നീതിപൂർവ്വകമായ വ്യവസ്ഥിതികൾക്കുവേണ്ടി ക്രൈസ്തവർ നിർബന്ധബുദ്ധിയോടെ നിലകൊള്ളുന്നു. ഈ സമർപ്പണബുദ്ധിയുടെ ഭാഗമാണ് ഈ ലോകത്തിലെ ഭൗതീകവും ബുദ്ധിപരവും ആധ്യാത്മികവുമായ വസ്തുക്കളുടെ സാർവ്വത്രീക ലഭ്യത. മാനുഷികജോലിയുടെ മഹത്ത്വം ആദരിക്കപ്പെടുന്നുണ്ടെന്ന് ക്രൈസ്തവർ തീർച്ചവരുത്തുകയും ചെയ്യുന്നുണ്ട്. നീതിപൂർവ്വകമായ കൂലി അതിൽ ഉൾപ്പെടുന്നു. മനുഷ്യവംശത്തിനു മുഴുവനുമുള്ള ഐക്യദാർഢ്യത്തിന്റെ പ്രവൃത്തിയാണ് വിശ്വാസകൈമാറ്റം. (1939-1942,948)

ഐക്യദാർഢ്യം ക്രൈസ്തവന്റെ പ്രായോഗികതലത്തിലുള്ള മുദ്രയാണ്. ഐക്യദാർഢ്യം അഭ്യസിക്കുകയെന്നത് യുക്തിയുടെ കല്പന മാത്രമല്ല. നമ്മുടെ കർത്താവായ യേശുക്രിസ്തു ദരിദ്രരോടും അധഃകൃതരോടും പൂർണ്ണമായി തന്നെത്തന്നെ താദാത്മ്യപ്പെടുത്തി (മത്താ. 25:40). അവരോടുള്ള ഐക്യദാർഢ്യം നിഷേധിക്കുകയെന്നത് ക്രിസ്തുവിനെ തള്ളിക്കളയുന്നതിന് തുല്യമാണ്.(225-239)

*വിശുദ്ധരുടെ ജീവിതങ്ങൾ... തുടർച്ച പേജ് ..6*

ഈ ശുശ്രൂഷ ഒരു സന്യാസസമൂഹമാകണമെന്ന് ജോൺ ഒരിക്കലും മോഹിച്ചതല്ല. എങ്കിലും ടൂയിയിലെ ബിഷപ് ഇവർക്ക് ഒരു പ്രത്യേക വസ്ത്രം നല്കി. ജോണിനെ ജോൺ ഓഫ് ഗോഡ് എന്നു വിളിച്ചു. ഈ സമൂഹത്തിനുള്ള ചട്ടങ്ങൾ വിശുദ്ധന്റെ മരണശേഷമാണ് പ്രസിദ്ധീകരിച്ചത്. ഇവരെ ഹോസ്പിറ്റാലർ സഹോദരന്മാർ എന്നും ജോൺ ഓഫ് ഗോഡിന്റെ സഹോദരന്മാർ എന്നും വിളിക്കുന്നു.

1550 ൽ 55-ാം പിറന്നാൾ ദിനം രോഗക്കിടക്കയ്ക്കു സമീപം മുട്ടിൽ നില്ക്കുമ്പോൾ ജോൺ മരിച്ചു. നാട്ടുകാർ ഓടിക്കൂടി. അവർക്ക് മാദ്ധ്യസ്ഥം പ്രാർത്ഥിക്കുവാനായി മുട്ടിൽ നിൽക്കുന്ന രൂപത്തിൽ തന്നെ ശരീരം പൊതുദർശനത്തിനുവച്ചു.

വിശുദ്ധന്റെ ശരീരം ഒമ്പതുദിവസത്തെ പരസ്യവണക്കത്തിനുശേഷമാണ് സംസ്ക്കരിച്ചത്. ഒമ്പതുദിവസവും മൃതദേഹത്തിൽ നിന്നും സുഗന്ധം വമിച്ചിരുന്നു. 20 വർഷം കഴിഞ്ഞ് കല്ലറ തുറന്നപ്പോഴും ശരീരം അഴുകിയിരുന്നില്ല. സുഗന്ധപ്രവാഹം തുടരുകയും ചെയ്തു. എന്നാൽ, പിൽക്കാലത്ത് ശരീരം അഴുകി. തലയോട്ടിയും എല്ലുകളും അവശേഷിച്ചു. അവ ഗ്രനാഡയിലെ വി.ജോണിന്റെ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

**ഹൃദ്യസ്ഥമാക്കാൻ ഒരു വചനം**

*"നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം."* (ലൂക്കാ. 01:42)

# കണ്ടതും കേട്ടതും

ആനയെന്താടോ അർഹിക്കുന്നില്ലേ???... ഭയങ്കര ആനപ്രേമം ഉള്ളതുകൊണ്ടാടോ ഉവ്വേ ഈയിടയ്ക്ക് തലയെടുപ്പുള്ള ഒരു കൊമ്പന്റെ പടം ഫേയ്സ്ബുക്കിൽ വന്നപ്പോ അച്ചായനൊന്ന് ഞെക്കി നോക്കിയെ! ഹോ, എന്തൊക്കെയാ ഈ ട്രോളന്മാർ എഴുതിപിടിപ്പിച്ചേക്കുന്നേന്നെ!!! മൃഗങ്ങളെ വിശുദ്ധ ജലം തളിച്ച് ആശീർവദിക്കുന്നത് ലോകം മുഴുവൻ ക്രൈസ്തവ വിശ്വാസികൾക്കിടയിൽ പാരമ്പര്യമായി തുടരുന്ന ഒരു ശുശ്രൂഷയാണെന്നും അതിലൂടെ അച്ചൻ അവയെ ദൈവസംരക്ഷണത്തിനു സമർപ്പിക്കുകയും പൊതുനന്മയ്ക്കായി അവയെ ഉപയോഗിക്കാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുകയാണെന്നത് ഇവനൊക്കെ അച്ചായൻ പറഞ്ഞുകൊടുക്കേണ്ട ആവശ്യമുണ്ടോ ഉവ്വേ......? അവനൊക്കെ ഈ കുത്തുന്ന സമയത്ത് ഉൽപ്പത്തി 1:22, സങ്കീ:36:6 എന്നീ ബൈബിൾ ഭാഗങ്ങളൊക്കെ ഒന്നെടുത്തു വായിച്ചാൽ ഇത്തരം കർമ്മങ്ങളുടെ അന്തസത്ത മനസ്സിലായേനെ! ഇനിയിപ്പം ആനയ്ക്കല്ല പോത്തിനു ചെയ്താലും കൂദാശാകല്പങ്ങൾ നല്ലതിനു തന്നെ! അയ്യോ, ഇനിയിപ്പം ഈ കൂദാശാകല്പങ്ങളെന്തെന്നു ചോദിക്കല്ലു കെട്ടോടേയ്...

**എന്താണ് കൂദാശാനുകരണങ്ങൾ അഥവാ കൂദാശാകൽപങ്ങൾ (Sacramentals)?**

"സഭയിലെ ചില ശുശ്രൂഷകളെയും, ജീവിതാവസ്ഥകളെയും, ക്രൈസ്തവ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെയും, മനുഷ്യനു സഹായകമായ പല വസ്തുതകളുടെയും ഉപയോഗത്തെയും വിശുദ്ധീകരിക്കാൻ വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് കൂദാശാനുകരണങ്ങൾ" (CCC 1668 )

*അനുഭവം തുടർച്ച പേജ് .7*

ആ ശിഷ്യന് ഇതെങ്ങിനെ സാധിച്ചു. യേശുവിനെ സ്നേഹിച്ചിരുന്ന ആ ശിഷ്യൻ അവന്റെ വക്ഷസ്സിലാണന്നു ചാരിക്കിടന്നത്. ഗുരുവിന്റെ സ്നേഹത്തിന്റെ ചൂട് അവൻ അറിഞ്ഞിരുന്നു. ലോകത്തെ രക്ഷിക്കുവാനുള്ള ഗുരുവിന്റെ സ്നേഹത്തിന്റെ ആഴം അവൻ തിരിച്ചറിഞ്ഞു. എന്നാൽ നാം കാണുന്നുണ്ട് ക്രിസ്തുവിന്റെ ഉത്ഥാനത്തിനു ശേഷം, പരിശുദ്ധാത്മനിറവിൽ ലോകം മുഴുവനും ഗുരുവിന്റെ സ്നേഹ സുവിശേഷത്തിന്റെ വാക്താക്കളായി മാറാനും ഏതു വാളിനുമുമ്പിലും തല നീട്ടി ക്കൊടുക്കുവാനും ശിഷ്യൻമാർക്ക് ശക്തി ലഭിച്ചു. എന്നാൽ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ(യോഹന്നാൻ)നെ തിളച്ച എണ്ണയിൽ കൊല്ലാനായി ഇട്ടുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടുവെന്ന് ചരിത്രം പറയുന്നു. തിളച്ച എണ്ണക്കു പോലും അവന്റെ ശരീരത്തെ നശിപ്പിക്കാൻ സാധിച്ചില്ല.

നമുക്ക് ഈശോയോട് പ്രാർത്ഥിക്കാം......

**ആണിപ്പാടുള്ള കരത്താലെന്നെ**
**മാറോടു ചേർത്തൊരു സ്നേഹനാഥാ**
**എരിയുന്ന സ്നേഹത്തിൻ**
**ചൂടിനെന്നിൽ**
**അഗ്നിയായ് ആളിപ്പടർന്നിടട്ടെ.......**

## *പ്രാർത്ഥനാ സഹായം*

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## ഏകദിന കൂട്ടായ്മ - പറുദീസ / പുറപ്പാട്

**പറുദീസ** - ദുബായ് സെൻ്റ് മേരീസ് ദേവാലത്തിൽ 2017 സെപ്തംബർ ഈദ് അവധി ദിനത്തിൽ ദമ്പതികൾക്കായി ഏകദിന കൂട്ടായ്മ - പറുദീസ നടത്തപ്പെടുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :-
സേവ്യർ-050 421 9882, പോൾ ജോസഫ് 055 452 1852.

**പുറപ്പാട്** - മലയാളം കരിസ്മാറ്റിക് പ്രാർത്ഥനാ ശുശ്രൂഷയുടെ ഭാഗമായ റീച്ച് ഔട്ട് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സെപ്തംമ്പർ 2017 ഈദ് അവധി ദിനത്തിൽ ഏകദിന കൂട്ടായ്മ - പുറപ്പാട് ദുബായ് സെൻ്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :-
സിസിലി-055 272 3485, ആൻ്റണി-055 637 9793

## *കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...*

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോടുചേർന്ന് നമുക്ക് പ്രവർത്തിക്കാം..
Contact : 056 789 3331, 055 741 2253

## *മലയാളം കുമ്പസാരം*

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിൻ്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ്: info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm
(children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am,
12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am,
12 noon & 7:00 pm

**ദിവ്യബലി സമയം - മലയാളം**
സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

**ജീസസ് യൂത്ത് - ഫാമിലി**

**J.Y.** ഹോം. റാഷിദിയ
സെബാസ്റ്റ്യൻ ജോൺ & ലിജിയ ജോസ്
050 3986934

**ജീസസ് യൂത്ത് - ദുബായ്**

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

but if we walk in the Light as He Himself is in the Light,
we have **Fellowship**
with one another,
and the blood of Jesus His Son cleanses us from all sin.
1 John 1:7

# FOCUS ON THE LORD




Jesus Youth DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Mathew Eappen **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net